# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**

പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## ഒല്ലൂക്കര ബ്ലോക്ക്, തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 42/2019(83), ചൊവ്വാഴ്ച — തീയ്യതി 15.10.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 16.10.2019 | 17.10.2019 | 18.10.2019 | 19.10.2019 | 20.10.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 15 | 25 | 20 | 15 | 4 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 8 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 110 | 90 | 160 | 160 | 180 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 7 | 7 | 5 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ഒല്ലൂക്കര ബ്ലോക്കിൽ വരും ദിവസങ്ങളിൽ സാമന്യംഭേദപ്പെട്ട മഴയ്ക്ക് സാധ്യത.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (വിരിപ്പ്) കൊയ്ത്തു പരുവം | | വിരിപ്പു കൃഷി കൊയ്ത്തു പരുവത്തിലാണ്. മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| വാഴ | ഇലപ്പുള്ളി രോഗം | ഇടവിട്ടുള്ള മഴയും വെയിലും മൂലം വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ രണ്ട് മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | കായീച്ച | പച്ചക്കറികളിൽ കായീച്ചയെ കാണാനിടയുണ്ട്. കേടുവന്ന കായ്കൾ നശിപ്പിക്കുക. കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം. |
| മൃഗസംരക്ഷണം | ഇടിമിന്നൽ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ മൃഗങ്ങളെ തുറസായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. (CAADECCS, KVASU മണ്ണുത്തി) | |